LIBRARY ARCHIVES Kerala Legislative Assembly

കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി

93 (4428) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ വകുപ്പിൽ കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി പ്രകാരം ഇൻസെന്റീവ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(സി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കപ്പലുടമകൾ, കാർഗോ ഉടമസ്ഥർ, കപ്പൽ ഏജൻസികൾ എന്നിവർ ഇതുമായി സഹകരിക്കുന്നു.

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതി പ്രകാരം റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവുമുള്ള ചരക്കുനീക്കം കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വഴി തിരിച്ചു വിടുന്നതിനാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി വിഭാവനം ചെയ്യുന്നത്. ചരക്കു ഗതാഗതത്തിന്റെ 15% 2015-ഓടുകൂടിയും, 30% 2020-ഓടുകൂടിയും, 50% 2030-ഓടുകൂടിയും തീരദേശ കപ്പൽ ഗതാഗതം വഴി ഉയർത്താനാണ് പ്രസ്തുത പദ്ധതി വഴി ലക്ഷ്യമിടുന്നത്.

(ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ തുറമുഖങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ

94 (4429) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം വൈക്കം നിയോജകമണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ വഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; ഇതിനായി എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഈ കോർപ്പറേഷൻവഴി നടപ്പാക്കുന്ന പദ്ധതികളിൽ പൂർണ്ണമായും കേന്ദ്രഫണ്ട് ചെവഴിക്കുന്ന പദ്ധതികൾ ഏതൊക്കെ ; കേന്ദ്ര സംസ്ഥാന ഫണ്ടുകൾ തുല്യമായി ചെലവഴിക്കുന്ന പദ്ധതികൾ ഏതൊക്കെ ; വ്യക്തമാക്കുമോ ;

(സി) മണ്ഡലത്തിൽ ഈ കോർപ്പറേഷൻ വഴി നടപ്പാക്കുന്നതിന് അനുമതി ലഭിച്ചിട്ടും ഇതുവരെ ആരംഭിക്കാത്ത പദ്ധതികൾ ഏതെങ്കിലും ഉണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈക്കം നിയോജക മണ്ഡലത്തിൽ തീരുദേശ വികസന കോർപ്പറേഷൻ വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു : സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ വൈക്കം മത്സ്യഗ്രാമത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണാനുമതി നൽകി.

പദ്ധതി	അടങ്കൽ തുക (ലക്ഷത്തിൽ)
കുടിവെള്ളം	98.00
വൈദ്യുതീകരണം	42.09
ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (2 എണ്ണം)	16.00
പബ്ലിക് ടോയ്ലറ്റ്	24.00
ജീവനോപാധി സഹായം	18.00

ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി ദേശീയ മത്സ്യ വികസന ബോർഡിന്റെ 90 ശതമാനം ധനസഹായത്തോടെ 162.24 ലക്ഷം രൂപ അടങ്കൽ തുകയിൽ വൈക്കം ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുവാൻ ഭരണാനുമതി നൽകുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു.

(ബി) വൈക്കം നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ വഴി പൂർണ്ണമായും കേന്ദ്രഫണ്ട് ചെലവഴിക്കുന്ന പദ്ധതികളും കേന്ദ്ര സംസ്ഥാന ഫണ്ടുകൾ തുല്യമായി ചെലവഴിക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈക്കം നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ വഴി സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ വൈക്കം മത്സ്യഗ്രാമത്തിൽ 198.09 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകി. നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സി.ടി.ഇ. പരിശോധനയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശ പ്രകാരം പബ്ലിക് ടോയ്ലറ്റ് പദ്ധതിയുടെ എസ്റ്റിമേറ്റ് സി.ടി.ഇ.-യുടെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. മേൽ പദ്ധതി നടത്തിപ്പിനായി തീരദേശ വികസന കോർപ്പറേഷന് ഫണ്ട് ലഭ്യമായിട്ടില്ലാത്തതിനാൽ കുടിവെള്ള പദ്ധതിയുടേയും വൈദ്യുതീകരണ പദ്ധതിയുടേയും ഫണ്ട് കേരള വാട്ടർ അതോറിറ്റിക്കും കേരള ഇലക്ട്രിസിറ്റി ബോർഡിനും കൈമാറാൻ സാധിച്ചിട്ടില്ല. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചു. ജീവനോപാധി വിതരണത്തിനായുള്ള അപേക്ഷകൾ വെരിഫിക്കേഷൻ ഘട്ടത്തിലാണ്.

വലിയതുറ കടൽപാലം

95 (4430) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന ജില്ലയിലെ വലിയതുറ പാലം അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ധാരാളം ആളുകൾ ഇപ്പോഴും കടൽ കാണാൻ അതിലൂടെ സഞ്ചരിക്കുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഒരു ദുരന്തം ഒഴിവാക്കാൻ, പാലത്തിലേക്കുള്ള പ്രവേശനം തടഞ്ഞ് വേലിയോ ഗേറ്റോ അടിയന്തരമായി സ്ഥാപിക്കുമോ ;

(ഡി) കാലപ്പഴക്കം ചെന്ന എല്ലാ കടൽപ്പാലങ്ങളുടെയും സുരക്ഷാ സംവിധാനങ്ങൾ പരിശോധിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പാലം അപകടാവസ്ഥയിലാണെന്ന നോട്ടീസ് പ്രവേശന ഭാഗത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ഓഫീസ് സമയങ്ങളിൽ പാലം കാണാനെത്തുന്നവരിൽ കഴിയുന്നത്ര ആൾക്കാരോട് മുന്നറിയിപ്പ് നേരിട്ടും നൽകുന്നുണ്ട്. പാലത്തിലേക്കുള്ള പ്രവേശനം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ ഗേറ്റ് സ്ഥാപിക്കുന്നതിന് ശ്രമിച്ചുവെങ്കിലും നാട്ടുകാരുടെ എതിർപ്പിനെത്തുടർന്ന് ആയതിന് സാധിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly